ॐ



ജനി മസത: സതോ മൃതിമുതാത്മനി യേ ച ഭിദാം
വിപണമൃതം സ്മരന്ത്യുപദിശന്തി ത ആരുപിതൈ:
ത്രിഗുണമയ: പുമാനിതി ഭിദാ യദബോധകൃതാ
ത്വയി ന തത: പരത്ര സ ഭവേദവബോധരസേ (10-87-25)
തവ പരിയേ ചരന്ത്യഖിലസത്ത്വനികേതതയാ
ത ഉത പദാ*ff*ക്രമന്ത്യ വിഗണയ്യശിരോ നിരൃതേ:
പരിവയസേ പശൂനിവ ശിരാ വിബുധാനപി താം
സ്ത്വയി കൃത സൌഹൃദാ: ഖലു പുനന്തി നയേ വിമുഖാ: (10-87-27)

*വേദസ്തുതി തുടരുന്നു:*
വേദശാസ്ത്രങ്ങൾ ജീവാത്മാവിനെ അവിടുത്തെ ആശയമായി കണക്കാക്കുന്നു. ഈ വിശ്വാസത്തിൽ വിവേകി അവിടുത്തെ പാദാരവിന്ദങ്ങളിൽ ഭക്തനാവുന്നു. അപ്പോഴാണ് വികാസപരിണാമം മൂർദ്ധന്യദിശയിലെത്തുന്നത്. ചിലർ ഇഹലോകത്തിലെ അനന്തമായ അലച്ചിൽ മതിയാക്കി ഗൃഹജീവിതം ഉപേക്ഷിച്ച് മുക്തിപദം പോലും ആഗ്രഹിക്കാതെ അവിടുത്തെ കഥകളിലും മഹിമാകഥനങ്ങളിലും മുഴുകി കഴിയുന്നു. മനുഷ്യജൻമം ലഭിച്ചതിനു ശേഷവും ചിലർ അങ്ങയെ ഭക്തിപുരസ്സരം പ്രേമിക്കുന്നതിൻെറ ആനന്ദമനുഭവിക്കാത്തത് കഷ്ടം തന്നെ. അവരുടെ ഏക അഭ്യുദയകാംക്ഷിയും ആത്മാവുമാണല്ലോ അങ്ങ്. ശരീരമനസ്സുകളുടെ ആഗ്രഹാഭിലാഷങ്ങൾക്കു വഴിപ്പെട്ട് ആത്മനാശോൻമുഖമായ പാതയിൽ ചരിച്ച് അവർ അന്തമില്ലാത്ത ജനനമരണചക്രത്തിനടിമപ്പെടുന്നു. അങ്ങയുടെ ശത്രുക്കൾക്കു പോലും ചിര:സ്മരണ കൊണ്ട് മോക്ഷം ലഭിച്ചുവല്ലോ.

സൃഷ്ടിക്കപ്പെട്ട ഒരു ജീവിക്കും അവിടുത്തെ ഉൺമ ഉൾക്കൊള്ളാനാവില്ല. കാരണം അങ്ങ് എല്ലാറ്റിനും മുൻപേ നില നിന്നിരുന്നു. എല്ലാ സിദ്ധാന്തങ്ങളും അജ്ഞാനാധിഷ്ഠിതമത്രെ. അയാഥാർത്ഥ്യം യദൃഛയാ ജീവികളാവുന്നു എന്നൊരു മതം. ഉൺമയും നശിക്കുമെന്ന് മറ്റൊരു മതം. ആത്മാവിൽ നാനാത്വത്തെ കാണുന്നു ചിലർ. മറ്റു ചിലർ കാര്യകാരണസംബന്ധിയായ കർമ്മസിദ്ധാന്തത്തിൽ അടിയുറച്ചു വിശ്വസിക്കുന്നു. ഇവയെല്ലാം അജ്ഞാനത്തിലും തെറ്റിദ്ധാരണയിലും അധിഷ്ഠിതമത്രെ. അങ്ങ് എല്ലാ ഊഹാപോഹങ്ങൾക്കും അതീതൻ. അങ്ങിൽ അജ്ഞതയ്ക്കു നിലനിൽക്കാനാവുകയില്ലാത്തതുകൊണ്ട് അവിടുന്ന് ശുദ്ധജ്ഞാനമത്രെ. വിശ്വം യാഥാർത്ഥ്യമെന്നു തോന്നുന്നത് അതിൻെറ അടിത്തറയായ അവിടുന്ന് ഉൺമയായതു കൊണ്ടാണ്. വിവേകശാലികൾ ലോകത്തെ ഉപേക്ഷിക്കുകയില്ല. സ്വർണ്ണം അന്വേഷിക്കുന്ന ഒരുവൻ സ്വർണ്ണാഭരണങ്ങളെ ഉപേക്ഷിക്കുകയില്ല തന്നെ. എന്നാൽ അങ്ങയെ ഹൃദയാന്തരവാസിയായി കണക്കാക്കുന്നവനു മാത്രമേ മരണത്തെ നിർഭയമായി നേരിട്ട് അതിനെ ചവിട്ടി മെതിക്കാനാവൂ. അവർ സ്വയം ജ്ഞാനികളാണെന്ന് കണക്കാക്കിയാൽ കൂടി അപക്വമതികളെ അവിടുന്ന് ലൗകീക ബന്ധനത്താൽ തളയ്ക്കുന്നു. അവിടുത്തെ ഭക്തന് മാത്രമെ മുക്തിയുള്ളൂ. അവർക്കു മാത്രമേ മറ്റുള്ളവരെ മുക്തിമാർഗ്ഗത്തിലേക്ക് നയിക്കാനുമാവൂ. അങ്ങിൽ നിന്നുമകന്നവർക്ക് അത് സാദ്ധ്യമല്ല തന്നെ.

ആരും അങ്ങേയ്ക്കു പ്രിയരോ അപ്രിയരോ അല്ല. അവിടുന്ന് സ്വന്തം സൃഷ്ടിശക്തിയിലേക്ക് ദൃഷ്ടി പായിക്കുമ്പോൾ ജീവാത്മാവ് അതിലന്തർലീനമായ കർമ്മമനുസരിച്ച് സൂക്ഷ്മശരീരം എന്ന ഒരു വസ്ത്രം സ്വീകരിക്കുന്നു. ഈ ആത്മാക്കൾ അനന്തമോ ശാശ്വതമോ അല്ല. ദ്രവ്യവും ഊർജ്ജവും പരസ്പരം ചേർന്നുണ്ടാവുന്ന ചിന്താക്കുഴപ്പത്തിലത്രെ വ്യക്തികൾ ജനിക്കുന്നത്. ഒരു കുമിളയോ തിരയോ ഉണ്ടാവുന്നതു പോലെയാണത്. അവിടുന്നു തന്നെ അവയിലെല്ലാമുള്ള ഉൺമ. ഈ സത്യം അറിയാമെന്നു നടിക്കുന്ന പലർക്കും അജ്ഞാതമാണാ ഉൺമ. കാരണം അറിയാമെന്നു പറയുന്ന ജ്ഞാനമെല്ലാം തുലോം അപൂർണ്ണജ്ഞാനമോ വെറും ഊഹാപോഹമോ മാത്രമത്രെ.